KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.195/PR/PIC/PHQ/18 Date : 08.08.2018

## ഇന്റർനെറ്റ് വഴി തട്ടിപ്പ് -പ്രതി അറസ്റ്റിൽ

ഇന്റർനെറ്റ് വഴി ലോട്ടറി ലഭിച്ചുവെന്ന് പറഞ്ഞു വിശ്വസിപ്പിച്ച് തിരുവനന്തപുരം അഞ്ചുതെങ്ങ് സ്വദേശിയും സിംഗപൂരിൽ വീട്ടുജോലി ചെ.യ്തിരുന്നതുമായ സ്ത്രീയിൽ നിന്നും 8.5 ലക്ഷം തട്ടിയെടുത്ത പ്രതിയെ സൈബർ പോലീസ് അറസ്റ്റു ചെയ്തു. വെസ്റ്റ് ബംഗാൾ സ്വദേശി അമിത് ഭട്ടാചാർജിയാണ് അറസ്റ്റിലായത്. നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിയുടെ പ്രത്യേക നിരീക്ഷണത്തിലുള്ള ഈ പ്രതിയെ ഏറെ സാഹസികമായിട്ടാണ് കേരള പോലീസ് അറസ്റ്റുചെയ്തത്.

ഒരു ലക്ഷം ഡോളർ കംപയിൻഡ് ലക്കി പ്രൈസ് ലഭിച്ചതായി വിശ്വസിപ്പിച്ച് ആ തുക ഈടാക്കുന്നതിനുള്ള പ്രോസസിങ് ചാർജും ടാക്സും എന്ന നിലയിലാണ് 8.5 ലക്ഷം രൂപ വിവിധ ബാങ്ക് അക്കണ്ടുകളിലേയ്ക്ക് നിക്ഷേപിച്ച് തട്ടിപ്പു നടത്തിയത്. വ്യാജ അഡ്രസ്സിലെടുത്ത അക്കൗണ്ടുകളിലേയ്ക്കാണ് ഈ തുക നിക്ഷേപിക്കപ്പെട്ടത്.

നൂതന സൈബർ സാങ്കേതിക വിദ്യകളുടെ സഹായത്താൽ സൈബർ പോലീസ് ഉദ്യോഗസ്ഥരുടെ അതിവിദഗ്ധമായ അന്വേഷണത്തെത്തുടർന്നാണ് പ്രതിയെ പിടികൂടാനായത്. പ്രതിയുടെ അക്കൗണ്ടുകൾ പരിശോധിച്ചതിൽ മറ്റു നിരവധി ആളുകളും ഇത്തരത്തിൽ വഞ്ചിക്കപ്പെട്ടതായി കണ്ടെത്തി. സൈബർ ക്രൈം പോലീസ് സ്റ്റേഷൻ എസ്. എച്ച്. ഒ. എം. ഇക്ബാലിന്റെ നിർദ്ദേശാനുസരണം സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ വിനോദ് കുമാർ പി.വി യുടെ നേതൃത്വത്തിൽ എസ്.ഐ. അനീഷ് കരീം, എ.എസ്.ഐ. ബിജുലാൽ കെ.എൻ സൈബർ എക്സ്പെർട്ട് സി.പി.ഒ അനീഷ് എന്നിവർ ചേർന്നാണ് പ്രതിയെ അറസ്റ്റു ചെയ്തത്. കൽക്കട്ടയിൽ നിന്നും 50 കിലോമീറ്റർ അകലെയുള്ള പേയ്ക്ക് പാറ എന്ന ഗ്രാമത്തിൽ നിന്നും ഒരാഴ്ചയോളം നീണ്ട നീരീക്ഷണങ്ങളുടെയും അന്വേഷണത്തിന്റെയും ഒടുവിലാണ് പ്രതിയെ പിടികൂടിയത്.